# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5971** **28-03-2018 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിന് റാങ്ക് ലിസ്റ്റ്**

**ചോദ്യം**

**ശ്രീ. സി മമ്മൂട്ടി:**

(എ) ഉപഭോക്തൃ കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരുന്നോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ കമ്മീഷൻ അംഗങ്ങളായി നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ; വിശദീകരിക്കുമോ?

**മറുപടി**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) (ബി) & (സി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒഴിവുള്ള അംഗത്തിനെ നിയമിക്കുന്നതിനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ ക്ഷണിക്കുകയും, അത് പ്രകാരം ലഭിച്ച അപേക്ഷകരെ സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി, മൂന്ന് അപേക്ഷകർ ഉൾപ്പെടുന്ന പാനൽ തയ്യാറാക്കി നിയമനത്തിന് പരിഗണിയ്ക്കുന്നതിനായി സമർപ്പിച്ചിരുന്നു. എന്നാൽ നിയമന നടപടി ക്രമങ്ങളിൽ വീഴ്ച ഉണ്ടായതായി നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമന നടപടി സർക്കാർ റദ്ദ് ചെയ്യുകയും ഈ തസ്തികയിലെ നിയമനത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ സെലക്ഷൻ കമ്മിറ്റി സമർപ്പിച്ച പാനലിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥി ഹൈക്കോടതിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത 9221/17 നമ്പർ റിട്ട് ഹർജിയിൽ, 25-9-2017-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ, നിയമന നടപടി റദ്ദ് ചെയ്ത സർക്കാർ ഉത്തരവ് റദ്ദാക്കുകയും, മുൻ വിജ്ഞാപന പ്രകാരം സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി സമർപ്പിച്ച പാനലിൽ ഉൾപ്പെട്ട യോഗ്യതയുള്ള ഒരു ഉദ്യോഗാർത്ഥിയെ ഈ തസ്തികയിൽ നിയമിക്കുവാൻ ഉത്തരവിടുകയും ചെയ്തു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിയെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗമായി നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ